**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1916 25.03.2013-ൽ മറുപടിയ്ക്ക്

## കുട്ടികളെ തട്ടിക്കൊണ്ടുപോയ കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം പ്രായപൂർത്തിയാകാത്ത കുട്ടികളെ തട്ടിക്കൊണ്ടുപോയ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്; | (എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം പ്രായപൂർത്തിയാകാത്ത കുട്ടികളെ തട്ടിക്കൊണ്ടുപോയ 302 കേസുകൾ ഉണ്ടായിട്ടുണ്ട്. |
| (ബി) ഈ കേസുകളുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; | (ബി) ഈ കേസുകളുമായി ബന്ധപ്പെട്ട് 324 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; |
| (സി) കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘങ്ങൾ സംസ്ഥാനത്ത് നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഈ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ ജാഗ്രതാ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനുമായി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പൊതുസ്ഥലങ്ങൾ , സ്കൂൾ പരിസരങ്ങൾ എന്നിവിടങ്ങളിൽ പോലീസ് നിരീക്ഷണം ശക്തമാക്കി വരുന്നു. കുട്ടികൾ നേരിടേണ്ടിവരുന്ന ചൂഷണത്തേയും, പീഡനങ്ങളെയും കുറിച്ചും അതിനെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ബോധ്യപ്പെടുത്തുന്നതിനായി കുട്ടികൾക്കും, രക്ഷകർത്താകൾക്കും, അധ്യാപകർക്കും ജനമൈത്രി |

പോലീസ് സംവിധാനത്തിലൂടെയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെയും ബോധവൽക്കരണവും സെമിനാറുകളും നടത്താറുണ്ട്. കൂടാതെ Anti Human Trafficking Unit ( AHTU) ന്റെ നേതൃത്വത്തിൽ Department of Social Welfare, Child Welfare Committtee, Child line Services, SC/ST Department എന്നിവയുടെ സഹകരണത്തോടെ കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി റെയിഡുകളും, സ്പെഷ്യൽ ഡ്രൈവുകളും നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ